11-12-2022

SUNDAY ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


**Agriculture Development and Farmer's Welfare Department**

**Government of Kerala**

**Chief Editor : Sreekala S** **Editor : Dr. Saritha Vijayan K**

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-11/12/2022.

1. മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പിന്റെയും തണ്ണീർമുക്കം ഗ്രാമപഞ്ചായത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ആലപ്പുഴ ജില്ലയിലെ ലോകമണ്ണ് ദിനാഘോഷങ്ങളുടെ പരിസമാപ്തി കുറിക്കുന്ന സമാപന സമ്മേളനം ഡിസംബർ 11 -ന് രാവിലെ 10 മണിക്ക് വെള്ളിയാകുളം എൻ എസ് എസ് കരയോഗ മന്ദിരം ഹാളിൽ വെച്ച് ആലപ്പുഴ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ.ജി.രാജേശ്വരിയുടെ അധ്യക്ഷതയിൽ ചേരുന്ന യോഗത്തിൽ കാർഷിക വികസന കർഷ ക്ഷേമ വകുപ്പ് മന്ത്രി ശ്രീ.പി. പ്രസാദ് ഉദ്ഘാടനം ചെയ്യും.

2. കേന്ദ്രസർക്കാരിന്റെ ആസാദികാ അമൃത് മഹോത്സവ് ക്യാമ്പയിന്റെ ഭാഗമായി അഗ്രികൾച്ചറൽ ഇൻഷുറൻസ് കമ്പനി ഓഫ് ഇന്ത്യയുടെ നേതൃത്വത്തിൽ നാലാമത് വിള ഇൻഷുറൻസ് വാരാചരണം ഡിസംബർ ഒന്നു മുതൽ ഏഴ് വരെ ആചരിക്കുന്നതായി കൃഷി ഡയറക്ടർ അറിയിച്ചു. പ്രധാനമന്ത്രി വിള ഇൻഷുറൻസ് പദ്ധതിയിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ നെൽകൃഷിയും എല്ലാ ജില്ലകളിലേയും വാഴയും മരച്ചീനിയുമാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. കാലാവസ്ഥാ വിള ഇൻഷുറൻസ് പദ്ധതിയിൽ നെല്ല്, വാഴ, കൈതച്ചക്ക, കരിമ്പ്, കാരറ്റ്, കാബേജ്, വെളുത്തുള്ളി, ഉരുളക്കിഴങ്ങ്, ബീൻസ്, കശുമാവ്, മാവ്, തക്കാളി, ചെറുധാന്യങ്ങൾ (ചോളം, റാഗി, തിന മുതലായവ), പച്ചക്കറികൾ (പയർ, പടവലം, പാവൽ, കുമ്പളം, മത്തൻ, വെള്ളരി, വെണ്ട, പച്ചമുളക്) എന്നീ വിളകളാണ് വിജ്ഞാപനം ചെയ്തിട്ടുള്ളത്. വിജ്ഞാപിത വിളകൾക്ക് വായ്പ എടുത്ത കർഷകരെ അതാത് ബാങ്കുകൾ തന്നെ ചേർക്കേണ്ടതാണ്. പദ്ധതിയിൽ ചേരാനാഗ്രഹിക്കുന്ന വായ്പ എടുക്കാത്ത കർഷകർക്ക് ഓൺലൈനായും (www.pmfby.gov.in), ഡിജിറ്റൽ സേവാ കേന്ദ്രങ്ങൾ വഴിയും, തിരഞ്ഞെടുക്കപ്പെട്ട അക്ഷയ കേന്ദ്രങ്ങൾ വഴിയും, ഇൻഷുറൻസ് ബ്രോക്കർ പ്രതിനിധികൾ വഴിയും പദ്ധതിയിൽ ചേരാവുന്നതാണ്. ഏറ്റവും പുതിയ ആധാറിന്റെയും, ബാങ്ക് പാസ്സ് ബുക്കിന്റെയും, നികുതിച്ചീട്ട്/ പാട്ടച്ചീട്ടിന്റെയും കോപ്പികൾ സമർപ്പിക്കേണ്ടതാണ്. കർഷകർ ഇൻഷുർ ചെയ്യാനുദ്ദേശിക്കുന്ന വിസ്തീർണ്ണത്തിന് തുല്യമായ നികുതി / പാട്ടച്ചീട്ട് സമർപ്പിക്കേണ്ടതാണ്. കൂടാതെ സാധുവായ ആധാർ ബന്ധിത ബാങ്ക് അക്കൗണ്ട് വിവരങ്ങളും

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

നൽകേണ്ടതാണ്. റാബി 2022 ൽ പ്രധാനമന്ത്രി ഫസൽ ബീമ യോജനയിലും, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിലും കർഷകർക്ക് ചേരേണ്ട അവസാന തീയതി ഡിസംബർ 31 (31/12/2022) ആണ്.

3. പാലക്കാട് ജില്ലയിലെ പട്ടാമ്പി കൃഷി വിജ്ഞാനകേന്ദ്രത്തിൽ ഒരുമാസം പ്രായമായ ഗ്രാമശ്രീ ഇനത്തിൽപ്പെട്ട മുട്ട കോഴിക്കുഞ്ഞുങ്ങൾ ഒന്നിന് 120 രൂപ നിരക്കിൽ 13.12.2022 മുതൽ വിൽപ്പന ആരംഭിക്കുന്നതാണ്. താൽപ്പര്യമുള്ളവർ 6282937809, 0466 2212279 ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. ക്ഷീരവികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ പട്ടത്ത് പ്രവർത്തിക്കുന്ന NABL Accreditation ലഭിച്ച സ്റ്റേറ്റ് ഡയറി ലബോറട്ടറിയിൽ പാൽ, പാൽ ഉൽപ്പന്നങ്ങൾ എന്നിവയിലെ ഭക്ഷ്യസുരക്ഷാ വകുപ്പ് നിഷ്കർഷിച്ചിട്ടുള്ള പരിശോധനകളും വെള്ളത്തിലെ IS 10500 പ്രകാരം നിഷ്കർഷിച്ചിരിക്കുന്ന എല്ലാ പരിശോധനകളും കാലിത്തീറ്റയിലെയും അസംസ്കൃത വസ്തുക്കളിലെയും BIS പ്രകാരമുള്ള എല്ലാ പരിശോധനകളും ലാബിൽ ചെയ്യുന്നുണ്ട്. കുടിവെള്ളത്തിന്റെ അണുഗുണ നിലവാര പരിശോധനകളും കുറഞ്ഞ നിരക്കിൽ ചെയ്തു കൊടുക്കുന്നു. എല്ലാ പരിശോധനകൾക്കും ഗവൺമെന്റ് അംഗീകൃത ഫീസ് ഈടാക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയത്ത് **0471– 2440074, 9495592514** എന്നീ ഫോൺ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

5. റബ്ബർബോർഡ് നടപ്പിലാക്കി വരുന്ന വിവിധ തൊഴിലാളി ക്ഷേമപദ്ധതികളുടെ ആനുകൂല്യങ്ങൾ സ്വന്തം റബ്ബർത്തോട്ടങ്ങളിൽ സ്വയം ടാപ്പുചെയ്യുന്ന ചെറുകിടകർഷകർക്കുകൂടി ലഭ്യമാകും. സ്വന്തം പേരിലോ കൂട്ടുടമസ്ഥതയിലോ ജീവിതപങ്കാളിയുടെ പേരിലോ ഒരു ഹെക്ടറിൽ കൂടാതെ വിസ്തൃതിയുള്ളതും റെയിൻഗാർഡുചെയ്തതുമായ റബ്ബർതോട്ടങ്ങളിൽ ഒരു വർഷമായി കുറഞ്ഞത് 100 റബ്ബർ മരങ്ങളെങ്കിലും സ്വയം ടാപ്പുചെയ്തുവരുന്ന കർഷകർക്കാണ് ഈ ആനുകൂല്യം ലഭിക്കുക. കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള ആനുകൂല്യങ്ങൾ; ചികിത്സാധനസഹായം, പുതിയ ഭവനനിർമ്മാണത്തിനുള്ള ധനസഹായം, ഇൻഷ്വറൻസ് പദ്ധതി, വനിതാടാപ്പർമാർക്കുള്ള വിവാഹധനസഹായം, പ്രസവാനുകൂല്യം തുടങ്ങി റബ്ബർബോർഡ് നടപ്പാക്കിവരുന്ന തൊഴിലാളി ക്ഷേമപദ്ധതികളിലേക്കെല്ലാം സ്വന്തം തോട്ടങ്ങളിൽ സ്വയം ടാപ്പുചെയ്യുന്ന ചെറുകിടകർഷകർക്കും അപേക്ഷ നൽകാം. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

റബ്ബർബോർഡിന്റെ റീജിയണൽ ഓഫീസുകളുമായോ കേന്ദ്ര ഓഫീസിലെ ലേബർ വെൽഫെയർ ഡിവിഷനുമായോ 0481 2301231-336 എന്ന ഫോൺ നമ്പരിലോ ബന്ധപ്പെടുക.

## പരിശീലന പരിപാടികൾ

6. കേരള കാർഷിക സർവ്വകലാശാല, വിജ്ഞാനവ്യാപനവിഭാഗത്തിന്റെ കീഴിലുള്ള കമ്മ്യൂണിക്കേഷൻ സെൻറർ, മണ്ണുത്തിയിൽ വെച്ച് **ശുദ്ധജല മത്സ്യകൃഷി** എന്ന വിഷയത്തിൽ ക്ലാസുകൾ സംഘടിപ്പിക്കുന്നു. പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ **0487-2370773** എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

7. കുടപ്പനക്കുന്ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വച്ച് **ഡിസംബർ 13,14 തീയതികളിൽ പശു വളർത്തൽ, 16, 17 തീയതികളിൽ ആട് വളർത്തൽ** എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് **0471 2732918** എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

## കാർഷിക നിർദ്ദേശങ്ങൾ

8. ശീതകാല പച്ചക്കറി വിളയായ സവാള കൃഷിയ്ക്കായി തയ്യാറെടുക്കുന്ന കർഷകർ 45 മുതൽ 60 ദിവസം പ്രായമായതും 0.6 സെ.മീ മുതൽ 0.8 സെ.മീ വരെ വണ്ണവും 15 സെന്റിമീറ്റർ വരെ ഉയരവും ഉള്ള തൈകൾ നഴ്സറിയിൽ നിന്നും പ്രധാന കൃഷിയിടത്തിലേക്ക് ഡിസംബർ ആദ്യ വാരത്തോടെ പറിച്ചു നടേണ്ടതാണ്. 15 സെന്റിമീറ്ററിനു മുകളിൽ ഉയരമുള്ള തൈകളുടെ തലപ്പ് നുള്ളി കൊടുത്തതിനു ശേഷം പറിച്ചു നടീലിനായി അവ ഉപയോഗിക്കുക. പകലിന്റെ ദൈർഘ്യവും ചൂടും കുറഞ്ഞു നിൽക്കുന്ന സമയത്താണ് സവാള പറിച്ചു നടേണ്ടത്. നടുന്ന സമയത്തു തണുപ്പ് കാലാവസ്ഥയും വിളവെടുപ്പിന്റെ സമയത്തു ചൂടുള്ള കാലാവസ്ഥയുമാണ് പൊതുവെ സവാള കൃഷിയ്ക്ക് ആവശ്യം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം